## മാമോദീസ



**എ**റണാകുളം ഓൾഡ് റെയിൽവെ സ്റ്റേഷൻ റോഡിൽ, പുലിക്കോട്ടിൽ ശ്രീ. പി.പി. ചിന്നന്റെയും, ശ്രീമതി റീന ചിന്നന്റെയും കൊച്ചുമകളും, ശ്രീ ജയിൻ പി. ചിന്നന്റെയും ശ്രീമതി റിങ്കു ജയിനിന്റെയും മകളുമായ **സാറ (നോറ സാറ ജയിൻ)** 13.05.2017–ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

## വിവാഹം



**പ**ച്ചാളം ചുങ്കത്ത് ശ്രീ സി.സി. തോമസിന്റെയും ശ്രീമതി ലീല തോമസിന്റെയും മകൻ **സിജു തോമസും** വടക്കൻ പറവൂർ പുതുശ്ശേരി ശ്രീ പി.പി. ജോൺസണിന്റെയും ശ്രീമതി ലൈല ജോൺസണിന്റെയും മകൾ **ഹെലനും** തമ്മിലുള്ള വിവാഹം 15.05.2017 ൽ പരിശുദ്ധ കത്തോലിക്ക ബാവായുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.



**കു**രീക്കാട് മുണ്ടേപ്പള്ളിൽ (ആൻസൽ സിറ്റി) ശ്രീ ജോൺ എം. ജോണിന്റെയും ശ്രീമതി ഷേർലി റേച്ചൽ ജോണിന്റെയും മകൻ **ജോർജ്ജ് ജോണും** മല്ലപ്പള്ളി പാടിമൺ തടത്തിൽ ശ്രീമതി എൽസി വർഗ്ഗീസിന്റെയും പരേതനായ ശ്രീ എബ്രഹാം വർഗീസിന്റെയും മകൾ **ജൻസി വർഗീസും** തമ്മിലുള്ള വിവാഹം 22.05.2017 ൽ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ നടന്നു.

**തേ**വര കോന്തുരുത്തി പ്ലാമൂട്ടിൽ (G6, Yacht Club Enclave) ശ്രീ ജോസഫ് നൈനാന്റെയും ശ്രീമതി റിബ ജോസഫിന്റെയും മകൾ **റോഷ്ണി മരിയ ജോസഫും** കോട്ടയം പുരക്കൽ ശ്രീ ജോർജ്ജ് ജേക്കബിന്റെയും ശ്രീമതി സുനില ജോർജ്ജിന്റെയും മകൻ **രാഹുൽ ജേക്കബ് ജോർജ്ജും** തമ്മിലുള്ള വിവാഹം കോട്ടയം മാർ ഏലിയ കത്തീഡ്രലിൽ അഭിവന്ദ്യ ഗീവറുഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ 14.05.2017 ൽ നടന്നു.

**എ**ളംകുളം പാനികുളം ശ്രീ പി.ഐ. തോമസിന്റെയും ശ്രീമതി ലില്ലി തോമസിന്റെയും മകൾ **ലിന്റ തോമസും** വരിക്കോലി മറ്റത്തിൽകുഴി ശ്രീ എം.കെ. തോമസിന്റെയും ശ്രീമതി ലില്ലി തോമസിന്റെയും മകൻ **ജിബിയും** തമ്മിലുള്ള വിവാഹം 14.05.2017 ൽ വെണ്ണിക്കുളം സെന്റ് ജോർജ്ജ് സുറിയാനിപള്ളിയിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

## വിശേഷ ദിവസങ്ങൾ

| | | | |
|---|---|---|---|
| ജൂൺ | 09 | വെള്ളി | സ്വർണ്ണ വെള്ളിയാഴ്ച |
| | 16 | വെള്ളി | ശ്ലീഹാ നോമ്പാരംഭം |
| | 29 | വ്യാഴം | ശ്ലീഹാ നോമ്പ് വീടൽ, പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ ഓർമ്മ |
| | 30 | വെള്ളി | പന്ത്രണ്ട് ശ്ലീഹാന്മാരുടെ ഓർമ്മ |

## പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit** (Kaloor Area)
04-06-2017 - 4 pm
ശ്രീ. **അബ്രഹാം ഫിലിപ്പ്**
പാലത്ര ഹൗസ്
ചാന്ദിനി ലെയ്ൻ, ഇടപ്പള്ളി
Ph: 2344099, Mob: 9847152901

**St. Thomas Unit** (North-Pachalam Area) 18-06-2017 - 4 pm
ശ്രീ. **ജോബി നിർമ്മൽ പീറ്റർ**
ഉദയം ചേരിൽ ഹൗസ്,
വടുതല, കൊച്ചി - 23
Ph: 2436695, Mob: 9446008520

**St. Gregorios Unit** (Elamkulam - Kadavanthra Area) 25-06-2017 - 4 pm
ശ്രീ. **സി.കെ. തോമസ്**
No.34, കൃഷ്ണവിഹാർ കോളനി
പനമ്പിള്ളി നഗർ, കൊച്ചി.
Ph: 2317411, Mob: 9633338973




Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490



# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 11 ISSUE : 06 JUNE 2017

## എഡിറ്റോറിയൽ

# നാം കർത്താവിനെ തള്ളിപ്പറയുമോ?

**വി.** പത്രോസ് ശ്ലീഹാ പോലും കർത്താവിനെ തള്ളിപ്പറഞ്ഞത് നമുക്കറിയാം. യേശുക്രിസ്തു നേരത്തെ സൂചന നൽകിയിരുന്നത് ഓർക്കാതെ (മത്താ 26:34) പത്രോസിന് യേശുവിനെ തള്ളിപ്പറയേണ്ടിവന്നു. പത്രോസിന് മൂന്ന് പ്രാവശ്യം യേശുവിനെ തള്ളിപ്പറയേണ്ടിവന്നു എങ്കിലും അത് ജീവിതത്തിൽ ഒരിക്കൽ മാത്രമായിരുന്നെന്ന് നമുക്കറിയാം. പക്ഷെ നാം അറിഞ്ഞും, അറിയാതെയും ഓരോ ദിവസവും കർത്താവിനെ പല പ്രാവശ്യമാണ് തള്ളിപ്പറയുന്നത്. യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ളതും, പറഞ്ഞിട്ടുള്ളതുമായ ഓരോ കാര്യങ്ങളും ചെയ്യാതിരിക്കുമ്പോഴെല്ലാം നാം യേശുവിനെ തള്ളിപ്പറയുകയാണെന്നോർക്കണം.

സഹായം ആവശ്യമുള്ള കൂട്ടുകാരനെ സഹായിക്കാതിരിക്കുമ്പോഴും, പൈസ അത്യാവശ്യമുള്ള അയൽക്കാരനെ ചികിത്സിക്കുവാൻ സഹായിക്കാതിരിക്കുമ്പോഴും, നിർദ്ധനനായ അയൽക്കാരനെ അവന്റെ കുട്ടികളുടെ വിദ്യഭ്യാസത്തിന് സഹായിക്കാതിരിക്കുമ്പോഴും, അപകടം സംഭവിച്ച് റോഡിൽ കിടക്കുന്ന യാത്രികനെ കാണാത്തമട്ടിൽ കടന്നുപോകുമ്പോഴും, ദേവാലയത്തിലെ കുർബ്ബാനയിൽ സംബന്ധിക്കാതിരിക്കുമ്പോഴുമെല്ലാം നാം കർത്താവിനെ തള്ളിപ്പറയുകയാണെന്ന് മനസ്സിലാക്കണം. നമ്മുടെ ഓരോ ചലനങ്ങളും, ശ്വാസഛ്വോസം പോലും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന കർത്താവിനെ ഓർക്കാതിരിക്കുന്ന ഓരോ നിമിഷവും അവനെ തള്ളിപ്പറയുകയാണ് നാം ചെയ്യുന്നത്.

ജീവിതത്തിൽ മനപ്പൂർവ്വമല്ലാതെ ചെയ്യുന്ന ചെറിയപാപങ്ങൾപോലും, യേശുവിനെ തള്ളിപ്പറയുന്നതിന് തുല്യമാണ്. നാം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുമ്പോഴും, ചുമതല എടുക്കേണ്ടി വരുമ്പോൾ അതിനു തയ്യാറാകാതിരിക്കുകയും, മോശമായി സംസാരിക്കുമ്പോഴും, മോശമായ കൂട്ടുകെട്ടിൽ ചെന്നുപെടുമ്പോഴുമെല്ലാം നാം യേശുവിനെ മറക്കുകയും, സാത്താന്റെ ഇംഗിതത്തിന് വഴങ്ങുകയും ചെയ്യുകയാണെന്നുകാണാം.

യേശുവിനെപ്പോലും പരീക്ഷിക്കുവാൻ തുനിഞ്ഞ സാത്താൻ എല്ലാവരെയും പരീക്ഷിക്കുവാൻ ഒരുങ്ങി നിൽപ്പുണ്ടെന്നുകരുതണം, ഒരു വ്യത്യാസമെ കാണുകയുള്ളു. യേശുവിനെ തോൽപ്പിക്കുവാൻ സാധിക്കാതിരുന്ന സാത്താന്, നാം കരുതിയിരുന്നില്ലെങ്കിൽ നമ്മെ തോൽപ്പിക്കുവാൻ വളരെ എളുപ്പമായിരിക്കും. ഏതെല്ലാം തരത്തിലാണ് അവന്റെ പരീക്ഷ വരുന്നതെന്ന് നാം അറിയുകയില്ല.

കള്ളം പറയുകയോ, കള്ളം പ്രവർത്തിക്കുകയോ ചെയ്യരുതെന്ന് പള്ളിയിൽ ഉപദേശിച്ച പാസ്റ്റർ ബസ്സിൽ തിരികെ പോകുകയായിരുന്നു. കണ്ടക്ടർ ബാക്കി കൊടുത്ത നോട്ടുകളിൽ നൂറുരൂപയോളം അധികമുണ്ടായിരുന്നു. അതു മനസ്സിലാക്കിയ പാസ്റ്റർ ആദ്യം വിചാരിച്ചത് ഇതാരും അറിയുകയില്ലല്ലോ, അതുകൊണ്ട് മിണ്ടാതിരിക്കാമെന്നായിരുന്നു.

*(ശേഷം 2-ാം പേജിൽ)*

## ഇടയ ലേഖനം

# പരിശുദ്ധാത്മാവേ! ഞങ്ങളിൽ പ്രകാശിക്കണമേ!

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



**ക**ത്തുന്ന വിളക്ക് ചുറ്റുപാടും വെളിച്ചം നൽകികൊണ്ടേയിരിക്കും. പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നവനും അങ്ങനെ തന്നെ. നടക്കുന്നവർക്ക് വഴികാട്ടിക്കൊടുക്കുന്നതും, വായിച്ചറിയേണ്ടവർക്ക് അക്ഷരങ്ങൾ തെളിയിച്ചുകൊടുക്കുന്നതും വിളക്കാണ്. അതുതന്നെയാണ് ദീപത്തിന്റെ ശക്തിയും. പരിശുദ്ധ റൂഹാ മനുഷ്യരെ സ്നേഹത്തിലും ധർമ്മത്തിലും ഉറപ്പിക്കുന്നു. വിമർശന ബുദ്ധിയോടെ സ്വന്തം ജീവിതത്തെയും ചെയ്തികളെയും വിലയിരുത്താൻ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ധൈര്യം നൽകുന്നു. അനുതാപത്തിന്റെ സൽഫലങ്ങൾ പുറപ്പെടുവിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു. എന്താണ് അനുതാപത്തിന് യോഗ്യമായ ഫലങ്ങൾ?

തെറ്റിനെ തിരിച്ചറിഞ്ഞ്, വീണ്ടും അതിലേക്ക് മടങ്ങാതിരിക്കുകയും, അതിന്റെ സ്ഥാനത്ത് സൽപ്രവൃത്തികൾ ചെയ്ത് തുടങ്ങുകയും ചെയ്യുന്നത്, പരിശുദ്ധ റൂഹായുടെ പ്രവർത്തനം മൂലമാണ്.

ശരീരത്തിന്റെ വിളക്ക് കണ്ണാകുന്നു എന്ന് യേശുക്രിസ്തു പ്രസ്താവിച്ചു. കേവലം കാണാൻ ഉതകുന്നു എന്നത് മാത്രമല്ല, കാണേണ്ടതിനെ കാണാനും, 'കാഴ്ചയിൽ' വിവേചനമുണ്ടായിരിക്കാനും അത് സഹായകരമാകാം. നന്മകാണാൻ തുറക്കുന്ന കണ്ണുകൾക്കാണ് വെളിച്ചമുള്ളത്. 'ദോഷൈകദൃക്ക്' എന്ന ഭാഷാപ്രയോഗം ശ്രദ്ധിക്കുക.

പരിശുദ്ധ റൂഹാ തങ്ങളിൽ ജ്വലിച്ച് പ്രകാശിച്ചതിനാൽ, അവർ ധൈര്യശാലികളായി. ധർമ്മം മാത്രം പ്രവർത്തിക്കുന്നതിന് ഉത്സുകരായി. മരണത്തെയും, പീഢകളെയും പിന്നെ അവർ ശങ്കിച്ചില്ല. നന്മ മാത്രം ചെയ്യാനവർ ശീലിച്ചു. തിന്മയെ ദൂരെയകറ്റാനും ദഹിപ്പിച്ചുകളയാനും പോരുന്ന അഗ്നിയാണ് പരിശുദ്ധാത്മാവ്. ദൈവത്തിലൂന്നി സ്നേഹത്തിൽ വളർന്ന്, സുകൃതാഭ്യാസത്തിലൂടെ പുരോഗമിക്കുന്നവരിൽ ഈ വെളിച്ചം ദർശിക്കാം. അവർ തെറ്റുചെയ്താൽ തെറ്റാണെന്ന് സമ്മതിക്കും, മാത്രമല്ല തെറ്റുചെയ്യുന്നവരോട് പൊറുക്കാനും സന്നദ്ധമായിരിക്കും.

'വീഴ്ച'യ്ക്കു മുമ്പ് പരിശുദ്ധിയുടെ അനശ്വര മന്ത്രം ആദ്യമനുഷ്യർക്കുണ്ടായിരുന്നതായി വേദശാസ്ത്രം പറഞ്ഞുതരുന്നു. അവർ ലോകദൃഷ്ടിയിൽ 'നഗ്ന'രായിരുന്നുവെങ്കിലും അങ്ങനെ അവർക്കുതോന്നിയില്ല. മനുഷ്യന് നഷ്ടപ്പെട്ടുവെങ്കിൽ 'നഗ്നതയുടെ നിഷ്ക്കളങ്കത' ജന്തുലോകത്ത് ഇന്നും നിലനിൽക്കുന്നു എന്നത് മനുഷ്യൻ തിരിച്ചറിയേണ്ടതാണ്. ആ അനശ്വര മന്ത്രം പരിശുദ്ധ റൂഹായാകുന്ന പ്രകാശമാണെന്ന് സഭ പഠിപ്പിക്കുന്നു. അത് നിഷ്ക്കളങ്കത ഉണർത്തിവിടുന്ന ഭയരാഹിത്യത്തെ വെളിപ്പെടുത്തുന്നതാണ്.

വി. റൂഹായാൽ നിറയുന്നവർ പരനന്മയ്ക്കുവേണ്ടി

*(ശേഷം 2-ാം പേജിൽ)*

## വികാരിയുടെ കത്ത്

# The Holy Spirit.......The comforter by our Lord Jesus Christ



**Beloved brothers and sisters in the name of our resurrected Lord Jesus Christ,**

The festival of Pentecost originated in the Old Testament times. In Exodus 23:16 and Lev.23:15-21 it is referred to as the Festival of the Harvest and the Festival of the First fruits respectively. Again in Deut.16:9-12, it appears as the Festival of Weeks (Varolsavam).Deut.10 says, "Celebrate the Feast of Weeks to the Lord your God has given you". It was customary for the Jewish people to assemble and celebrate this festival 50 days after the Passover festival and it came to be known as "Pentecost", from the Greek word meaning, "Fiftieth". It was a time of great rejoicing and thanksgiving for God's gift of the harvest.

The Eastern Church fathers teach us that, God became man, because God wants the Holy Spirit to dwell in us. As we all know, at the time of Jesus Christ, on Pentecost day the faithful received the Holy Spirit, and thus the first church originated. We the believers and followers of Jesus Christ, have already accepted the Holy Spirit at the time of baptism, and now on the Pentecost day we are blessed to renew Holy Spirit in us. So this post Pentecostal season, the longest season of the liturgical year, is centered on sanctification & purification. As mentioned in Acts 2:46, it is a time to "Praise God and enjoy the goodwill of all the people". This season is also blessed with two Lents, "The Apostle Lent (16th June – 29th June), and the Lent of Ascension of St.Mary(1st August – 15th August)", which leads to the second part of Orthodox Liturgy, i.e. "Sleeba Perunal"(September 14th).

On the other hand, the world is facing many issues such as pollution, global warming, financial downturn, etc…Whatever affects the society will affect our life also. So our responsibility is to seek and enjoy the goodwill of the people. Psalms 34:1, "I will always thank the Lord; I will never stop praising him. I will praise him what he has done." Praising God, doesn't mean we just keep saying Praise the Lord, or Hallelujah, or thanks always. It's much more than that, we have to admire God, respect God, surrender & submit to God, give honour & thanks to God, all the days of our life.

Romans 12:1, "My brothers, because of God's great mercy on us I appeal to you: Offer yourselves as a living sacrifice to God, dedicated to his service and pleasing to him. This is the true worship that you should offer." The present life is very important, as it is the preparation for the coming life. Our body is the Temple of the Holy Spirit and the instrument through which the Holy Spirit works. It is created for the offering of worship to God. When Jesus Christ becomes the centre of life, our worship becomes true. So pray to God for society and our community by partaking in the fasting and lent for the fullness and fruits of the Holy Spirit.

When Jesus Christ comes into a man's life, he is transformed into a new man. My beloved ones, it is now time to think whether we need a real transformation in our life. We need to read the Holy Bible every day and pray together as a family and church. Love your enemies and consider everyone as your own brothers and sisters. Respect your subordinates, obey your masters, avoid being proud and self-centered. Try to live in harmony, and keep ourselves from all thoughts of revenge. Speak in the name of God and act with the power of God. Love God and love our neighbour as ourselves.

***May God bless you all***

Loving **Jijuachen** ■

*(എഡിറ്റോറിയൽ തുടർച്ച)*

പക്ഷെ ഉടൻതന്നെ സാത്താന്റെ പരീക്ഷ ജയിക്കുകയും ആ രൂപ തിരികെ കൊടുക്കുവാൻ കണ്ടക്ടറെ സമീപിക്കുകയും ചെയ്തു. കൂടുതലുള്ള തുക തിരിച്ചുനൽകിയപ്പോൾ കണ്ടക്ടർ പറഞ്ഞത് പാസ്റ്ററെ അത്ഭുതപ്പെടുത്തി. കണ്ടക്ടർ പറഞ്ഞതിങ്ങനെയായിരുന്നു. 'ഞാൻ ആ തുക അറിഞ്ഞുകൊണ്ട് നിങ്ങൾക്ക് തന്നതാണ്. നിങ്ങളുടെ പ്രസംഗംകേട്ട ഞാൻ നിങ്ങളെയൊന്ന് പരീക്ഷിക്കുകയായിരുന്നു. ആ പരീക്ഷയിൽ നിങ്ങൾ ജയിച്ചതിപ്പോഴാണ്. അതായത് ഞാൻ ഇപ്പോൾ നിങ്ങൾ പറഞ്ഞതെല്ലാം പൂർണ്ണമായി വിശ്വസിക്കുകയും, ദൈവനാമത്തിൽ നല്ലവനായി ജീവിക്കുവാൻ നിശ്ചയിക്കുകയും ചെയ്തത്, പ്രസംഗം കേട്ടപ്പോഴല്ല, അതിപ്പോൾ ഈ നിമിഷത്തിലാണ്.'ആ കണ്ടക്ടറുടെ പരീക്ഷണം സാത്താന്റെ പരീക്ഷണം തന്നെയായിരുന്നല്ലോ.

യേശുവിനെ തള്ളിപ്പറയാവുന്ന പല സന്ദർഭങ്ങളും ദിവസവും നമ്മുടെയെല്ലാം ജീവിതത്തിലുണ്ടാവുക സാധാരണമാണ്. അതിനെ അതിജീവിക്കുവാൻ വിശ്വാസവും, പ്രാർത്ഥനയും മാത്രമാണ് ആധാരമാക്കേണ്ടത്. 'പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ' എന്നുള്ള പ്രാർത്ഥന നാം എന്നും ചൊല്ലുന്നുണ്ടല്ലൊ. അത് ദൈവം കേൾക്കണമെങ്കിൽ നാം അതുപോലെ ജീവിക്കുവാൻ ശ്രമിക്കുകയും വേണം. ■

*(ഇടയലേഖനം തുടർച്ച)*

ത്യാഗവും നഷ്ടവും, വേദനകളും സഹിക്കാൻ എന്നും തയ്യാറായിരിക്കുന്നു. സ്വകാര്യവും ലാഭവും മാത്രം തേടുന്നവർക്ക് അസാദ്ധ്യമായ കാര്യമാണത്. പരനന്മയുടെ സ്ഥാനത്ത്, സ്വന്ത ഉന്നതിമാത്രം അന്വേഷിക്കുന്നവർ 'മനുഷ്യസ്നേഹികൾ' എന്ന നാമത്തിന് അർഹരായിരിക്കില്ല. റൂഹായുടെ പ്രകാശം ലഭിച്ചവർ, പെന്തിക്കോസ്തി നാളിലെ പോലെ 'ദൈവത്തിന്റെ വൻകാര്യ'ങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കും. അവരുടെ ചിന്താലോകത്തെ യജമാനൻ ദൈവമാണ്, അവരവരല്ല ലോകജ്ഞാനത്തിനും ധനത്തിനും എത്തിപ്പെടാനാവാത്ത ഔന്നത്യമാണിവിടെ.

ഏതോ അമാനുഷിക ശക്തി തരുന്നതും, 'അത്ഭുതങ്ങൾ' ചെയ്യിക്കുന്നതുമാണ് പരിശുദ്ധ റൂഹാ എന്ന് കരുതുന്നത് മൗഢ്യമാണ്. അത്ഭുതങ്ങൾ ഒരിക്കലും യഥാർത്ഥ ദൈവഭക്തിയുടെ അടിസ്ഥാനമല്ല. ത്യാഗപൂർണ്ണമായ സ്നേഹജീവിതമാണ് ഏറ്റവും വലിയ അത്ഭുതം. നിസ്സാരതയിൽ പിറന്ന ദൈവപുത്രനെ 'അത്ഭുതം' എന്നാണല്ലോ സംബോധന ചെയ്യുന്നത്. യഥാർത്ഥത്തിൽ പരിശുദ്ധാത്മാവ് നമ്മെ വിനയമാനസരും, സേവന സന്നദ്ധരും കളങ്കമില്ലാത്തവരുമാക്കിത്തീർക്കും. ഇത്തരം ഗുണവിശേഷണങ്ങളാണ് പരുശുദ്ധാത്മാവിന്റെ നിറവിൽ നമ്മിൽ കാണേണ്ടത്.

**പരിശുദ്ധാത്മാവേ! ഞങ്ങളിൽ ജ്വലിച്ചുപ്രകാശിക്കണമേ!** ■





## സിറിൽ ഫിലിപ്പ് ചാക്കോ



മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെറിറ്റ് അവാർഡിന്, ശ്രീ. സിറിൽ ഫിലിപ്പ് ചാക്കോ അർഹനായി. ഹയർ സെക്കൻഡറി പരീക്ഷയിൽ A+ ഗ്രേഡ് ലഭിച്ചതിനും, തമിഴ് പദ്യം ചൊല്ലലിന് 2015-16 ലെ 56-ാമത് കേരള സ്കൂൾ കലോത്സവത്തിൽ A ഗ്രേഡ് ലഭിച്ചതിനുമായിരുന്നു അവാർഡ്. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയാണ് അവാർഡ് സമ്മാനിച്ചത്. നമ്മുടെ ഇടവകാംഗങ്ങളായ ചാക്കോ ഫിലിപ്പിന്റെയും, ശ്രീമതി മറിയാമ്മ ചാക്കോയുടെയും പുത്രനാണ് സിറിൽ.

## കരിയർ ഗൈഡൻസ് പ്രോഗ്രാം





കത്തീഡ്രൽ **OCYM, MGOCSM** യൂണിറ്റുകൾ ചേർന്ന് മെയ് 28-ാം തീയതി ഞായറാഴ്ച കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തുകയുണ്ടായി. ഇങ്ങനെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ വളരെ പ്രസിദ്ധനായ ശ്രീ. പി.ആർ. വെങ്കിട്ടരാമനായിരുന്നു ക്ലാസ്സ് എടുത്തത്. രണ്ട് മണിക്കൂറോളം നീണ്ട ക്ലാസ്സ് കുട്ടികൾക്ക് വളരെ പ്രയോജനപ്രദമായിരുന്നു.

## വി. കുർബ്ബാന സമയം

**എളംകുളം ചാപ്പൽ:** June 11 - 10.00 am, June 18 - 07.00 am, June 25 - 10.00 am, July 2 - 07.00 am

**സെമിത്തേരിമുക്ക് ചാപ്പൽ:** June 11 - 07.30 am, June 28 - 7.30 am

**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am**

## ആർദ്രത റിലീഫ് സെന്റർ



വികാരി ഫാ. ജിജു വർഗ്ഗീസ്, മെയ് 18ന് ജനറൽ ഹോസ്പിറ്റൽ ക്യാൻസർ വാർഡിൽ ആർദ്രത മാസംതോറും നടത്താറുള്ള മരുന്ന് സംഭാവന ചെയ്യുന്നു.

## ഭദ്രാസന വിശേഷങ്ങൾ

### പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ







കൊച്ചി ഭദ്രാസനത്തിലെ ഭാഗ്യ സ്മരണാർഹരായ ശെമവൂൻ മാർ ദീവന്നാസിയോസ്, പൗലോസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് എന്നീ തിരുമേനിമാരുടെ സംയുക്ത ഓർമ്മപെരുന്നാൾ 2017 മെയ് 19,20 തീയതികളിലായി ഭദ്രാസന ആസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽ നടത്തപ്പെട്ടു. 20-ാം തീയതി വി. കുർബ്ബാനയ്ക്ക് കൽക്കട്ടാ ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത കാർമ്മികത്വം വഹിച്ചു.തുടർന്ന് പിതാക്കന്മാരുടെ അനുസ്മരണ സമ്മേളനത്തോടനുബന്ധിച്ച് സഭയുടെ അൽമായ ട്രസ്റ്റിയായ ശ്രീ. ജോർജ്ജ് പോളി നേയും ആദരിച്ചു.

## നിര്യാതനായി



തേവര പുരക്കൽ കോർട്ട് ശ്രീ **പി.ജെ. വറുഗീസ്** (63) 21.05.2017ൽ നിര്യാതനായി. 22.05.2017ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*